പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2623

14/12/2015 -ൽ മറുപടിയ്ക്ക്

**ക്ഷേത്രങ്ങളുടെയും കാവുകളുടെയും സംരക്ഷണം**

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

എ) ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

ബി) പ്രസ്തുത പദ്ധതികളിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വിശദമാക്കുമോ;

സി) പ്രസ്തുത പദ്ധതികൾ പ്രകാരം കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് അറിയിക്കുമോ;

ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എപ്പോഴാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെയാണെന്നും ഇതിന് പ്രത്യേക അപേക്ഷാ ഫോറം ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങളും വ്യക്തമാക്കുമോ;

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

എ) ബി) സി) & ഡി) ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് കേരള സർക്കാർ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ഇതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം കുളങ്ങളുടെ നവീകരണത്തിന് 30 ലക്ഷം രൂപാ വീതവും കാവുകളുടെ നവീകരണത്തിന് 5 ലക്ഷം രൂപാവീതവും ആൽത്തറകളുടെ നവീകരണത്തിന് 2 ലക്ഷം രൂപാ വീതവുമാണ് പരമാവധി അനുവദിക്കുന്ന തുക. ടി പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതിയിൽ അപേക്ഷിക്കുന്നതിനുള്ള അപേക്ഷാ ഫോറവും നിബന്ധനകളും നടപടിക്രമങ്ങളും അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിൻെറ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പരിശോധിച്ച് 25,000/- രൂപ വരെ, ബില്ലുകളും വൗച്ചറുകളും നൽകുന്ന മുറയ്ക്ക് നൽകി

വരുന്നുമുണ്ട്. ടി അപേക്ഷകൾ അതാതു ജില്ലകളിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് കൺസർവേറ്റർമാർക്ക് ടി പദ്ധതിക്കായി പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിൻെറ പകർപ്പ് അനുബന്ധം–2 ആയി ചേർത്തിട്ടുണ്ട്.

ഇ) പ്രസ്തുത പദ്ധതികൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലും ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ?

ഇ) ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് 2014–15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിച്ചതിൻെറ വിശദവിവരം അനുബന്ധം–3 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ